"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - പത്തനാപുരം നഗരത്തിൽ നിർമ്മാണം പൂർത്തിയാക്കിയ പോലീസ് കൺട്രോൾ റൂമിന്റെ ഉദ്ഘാടനകർമ്മവുമായി ബന്ധപ്പെട്ട് അധികമായി ചെലവായ തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1400/2026/HOME തീയതി,തിരുവനന്തപുരം, 22-04-2026

---

പരാമർശം:- 1) 27.02.2026 ലെ സ.ഉ. (സാധാ)നം.745/2026/ആഭ്യന്തരം ഉത്തരവ്.

2) സംസ്ഥാന പോലീസ് മേധാവിയുടെ 26.02.2026 ലെ എച്ച്12-13416/2026/പി.എച്ച്.ക്യൂ നമ്പർ കത്ത്.

**ഉത്തരവ്**

പത്തനാപുരം നഗരത്തിൽ നിർമ്മാണം പൂർത്തിയാക്കിയ പോലീസ് കൺട്രോൾ റൂമിന്റെ ഉദ്ഘാടനകർമ്മവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 1,13,000/- രൂപ പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ഉദ്ഘാടനച്ചടങ്ങിനോടനുബന്ധിച്ച് പ്രസ്തുത കെട്ടിടത്തിന് ബോർഡ് സ്ഥാപിക്കുന്നതിനും, കെട്ടിടം വൃത്തിയാക്കുന്നതിനും മറ്റുമായുള്ള അപ്രതീക്ഷിത ചെലവുകൾക്കായി, പരാമർശം 1 പ്രകാരം അനുവദിച്ച തുകയ്ക്കു പുറമേ 44,298/- രൂപ 2055-00-109-99-00-34-OC-03-Other Items എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്ന് പരാമർശം 2-ലെ കത്തു പ്രകാരം സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, പത്തനാപുരം നഗരത്തിൽ നിർമ്മാണം പൂർത്തിയാക്കിയ പോലീസ് കൺട്രോൾ റൂമിന്റെ ഉദ്ഘാടന പരിപാടിക്ക് സർക്കാർ അനുമതി നൽകിയതിൽ നിന്നും ഉപരിയായി 44,298/- രൂപ ( നാല്പത്തി നാലായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി എട്ട് രൂപ) ചെലവാക്കിയ നടപടി സാധൂകരിച്ചും നടപ്പ് സാമ്പത്തിക വർഷത്തെ 2055-00-109-99-00-34-OC-03 Other Items എന്ന ശീർഷകത്തിലെ ബജറ്റ് പ്രൊവിഷനിൽ നിന്നും പ്രസ്തുത പ്രവൃത്തിക്കായി ചെലവാക്കിയ തുകയായ 44,298/- രൂപ (നാൽപ്പത്തിനാലായിരത്തി ഇരുന്നൂറ്റിത്തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) അനുവദിച്ചു നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജീവ് മാത്യു
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (31.03.2026 ലെ (E.3399081):വ്യയം-എ3/60/2026-ധന പ്രകാരം)
ഡയറക്ടർ, ഐ&പി.ആർ.ഡി. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Divya R S
Date: 22-04-2026 11:49:35

സെക്ഷൻ ഓഫീസർ